"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. അരുൺ എം.വി യുടെ ഭാര്യയുടെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.105/2024/LSGD തീയതി,തിരുവനന്തപുരം, 13-08-2024

---

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 22.04.2013-ലെ G.O.(P)No.144/2013/H&FWD നമ്പർ ഉത്തരവ്.
3. 10.02.2017-ലെ G.O.(P)No.8/2017/H&FWD നമ്പർ ഉത്തരവ്.
4. ശ്രീ. അരുൺ എം.വി ന്റെ 08.04.2022 -ലെ അപേക്ഷയും ബില്ലുകളും.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 29-07-2023- ലെ LSGD/PD/ 7394/2023-DEG2 നമ്പർ കത്ത്.
6. അന്തിക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19.05.2022 ലെ 4(1) നമ്പർ തീരുമാനം.
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.06.2023-ലെ (എൽ.ജിസ്)എം.ആർ 1-52113/2022/ ആ.വ.ഡ നം. കത്ത്.

<u>ഉത്തരവ്</u>

തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. അരുൺ എം.വി യുടെ ഭാര്യയുടെ ഇൻഫർട്ടിലിറ്റി ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ആശുപത്രിൽ ചെലവായ 3,84,589/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർ ശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (7) പ്രകാരം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ ഭാര്യയുടെ ചികിൽസായിനത്തിൽ ചെലവായ തുകയിൽ 1,50,000/-രൂപ(ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (6) പ്രകാരം അന്തിക്കാട് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. അരുൺ എം.വി-യുടെ ഭാര്യയുടെ ചികിത്സയ്ക്കായി 03.09.2020 മുതൽ 04.02.2022 വരെ മൂവാറ്റുപുഴ സബൈൻ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണം, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണം, എറണാകുളം. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, അന്തിക്കാട് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല.

ശ്രീ. അരുൺ എം.വി, ക്ലാർക്ക്, അന്തിക്കാട് ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.EPA3/532/2023/LSGD ).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 16-08-2024 12:18:32
സെക്ഷൻ ഓഫീസർ